*ഹയർ സെക്കന്ററി ഡയറക്ടറുടെ കാര്യാലയം*
*ഹൗസിങ് ബോർഡ് ബിൽഡിങ്സ്*
*ശാന്തിനഗർ തിരുവനന്തപുരം 1*

**ICT Cell/2020/SWS/HSE/2010** **28th Aug. 2010**

# സർക്കുലർ

## ഹയർസെക്കൻഡറി പ്രവേശനം 2010

## പ്രവേശനനടപടികൾ അവസാനിപ്പിക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ

2010-11 അക്കാദമികവർഷം പുതുതായി അനുവദിച്ചതുൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയിഡഡ് ഹയർസെക്കൻഡറി സ്കൂളുകളിലെയും പ്രവേശനനടപടികൾ 2010 ആഗസ്ത് 31ന് പൂർത്തിയാക്കണം. ഇത് സംബന്ധിച്ച് താഴെസൂചിപ്പിക്കുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1 ഒഴിവുള്ള സീറ്റുകളിലേക്കുള്ള ഏറ്റവുമൊടുവിലെ അലോട്ട്മെന്റ് 2010 ആഗസ്ത് 28ന് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ആഗസ്ത് 30, 31 തീയതികളിലായി അതത് സ്കൂളുകളിൽ ഫീസടച്ച് സ്ഥിരപ്രവേശനം നേടണം. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് പ്രവേശനയോഗ്യത ബോധ്യപ്പെട്ടശേഷം പ്രിൻസിപ്പൽമാർ പ്രവേശനം നടത്തണം. പ്രവേശം നേടാത്തവരുടെ വിവരങ്ങൾ സെപ്തംബർ 2ന് രാവിലെ 11 മണിക്ക് മുമ്പ് വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യണം.

2 ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിലെ പുതുതായി അനുവദിച്ച സ്കൂളുകളിൽ വൈകി പ്രവേശനം ആരംഭിച്ചതിനാൽ ആദ്യഘട്ടത്തിൽ ജില്ലയിലെ മറ്റ് സ്കൂളുകളിൽ പ്രവേശനം നേടിക്കഴിഞ്ഞ ചില വിദ്യാർത്ഥികൾക്ക് പുതിയ സ്കൂളുകളിൽ അപേക്ഷ നൽകാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ മേൽസൂചിപ്പിച്ച ജില്ലകൾക്ക് മാത്രമായി സ്കൂൾ/കോംബിനേഷൻ മാറ്റങ്ങൾക്ക് ഒരവസരം കൂടി നൽകുന്നതാണ്. സെപ്തംബർ 3ന് വൈകിട്ട് 5 മണിവരെ സ്കൂൾ മാറ്റങ്ങൾക്കുള്ള അപേക്ഷകൾ സ്കൂളിൽ സ്വീകരിക്കണം. നിലവിൽ പ്രവേശനം ലഭിച്ച സ്കൂളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. മുകളിൽ സൂചിപ്പിച്ച ജില്ലകളിൽ മാത്രമായി ജില്ലാന്തരമാറ്റങ്ങളും അനുവദിക്കും. അപേക്ഷയുടെ മാതൃക വെബ്സൈറ്റിലുണ്ട്. നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങളും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സെപ്തംബർ 4ന് വൈകിട്ട് 5ന് മുമ്പ് അപേക്ഷകളുടെ ഡേറ്റാ എൻട്രി പൂർത്തിയാക്കണം. മാറ്റം ലഭിക്കുന്ന വിദ്യാർത്ഥികൾ പുതിയ സ്കൂളിൽ നിർബന്ധമായി പ്രവേശനം നേടണം.

3 എയിഡഡ് സ്കൂളുകളിലെ മാനേജ്മെന്റ്/ കമ്മ്യൂണിറ്റി ക്വാട്ടകളിലെ പ്രവേശനവിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റിലേക്ക് ഓൺലൈനായി ഡേറ്റാ

എൻട്രി നടത്തി സമർപ്പിക്കണം. സെപ്തംബർ 3 മുതൽ ഇതിനുള്ള ലിങ് ലഭ്യമാകും. സെപ്തംബർ 8ന് വൈകിട്ട് 5ന് മുമ്പ് ഡേറ്റാ എൻട്രി പൂർത്തിയാക്കണം. ഹയർസെക്കൻഡറിപരീക്ഷ ഉൾപ്പെടെയുള്ള വകുപ്പ് തല ആവശ്യങ്ങൾക്കായി തയ്യാറാക്കുന്ന കേന്ദ്രീകൃത പ്രവേശന രജിസ്ട്രിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടിയാണ് സ്കൂൾ തലത്തിൽ നടത്തിയ പ്രവേശനങ്ങളുടെ വിവരങ്ങൾ ആവശ്യപ്പെടുന്നത്. കേന്ദ്രീകൃത രജിസ്ട്രിയിലുൾപ്പെടാത്ത വിദ്യാർത്ഥികളെ ഹയർസെക്കൻഡറിപരീക്ഷ എഴുതാൻ അനുവദിക്കില്ല. ആയതിനാൽ പ്രവേശനവിവരങ്ങൾ സമയപരിധിക്കുള്ളിൽ നിർബന്ധമായും സമർപ്പിക്കണം.

4 അൺഎയിഡഡ്/ ടെക്നിക്കൽ/ റസിഡൻഷ്യൽ/ സ്പെഷ്യൽ സ്കൂളുകളും ഗൾഫ്, ലക്ഷദ്വീപ്, മാഹി തുടങ്ങിയ സ്ഥലങ്ങളിലെ സ്കൂളുകളും പ്രവേശനവിവരങ്ങൾ മേൽസൂചിപ്പിച്ച സമയപരിധിക്കുള്ളിൽ ഓൺലൈനായി സമർപ്പിക്കണം. സ്കൂൾ വിവരങ്ങൾ www.hscap.kerala.gov.in/hitc എന്ന വെബ്സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത സ്കൂളുകൾ ഈ വിവരങ്ങൾ നൽകിയശേഷം അഡ്മിഷൻ വെബ്സൈറ്റിൽ (www.hscap.kerala.gov.in) വിദ്യാർത്ഥി വിവരങ്ങൾ സമർപ്പിക്കണം.

5 ഏകജാലകരീതിയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ അപേക്ഷാവിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റിലുണ്ട്. ഇതിനോടൊപ്പം സ്കൂൾ തലത്തിൽ പ്രവേശനശേഷം ലഭ്യമാകുന്ന അഡ്മിഷൻ നമ്പർ(അഡ്മിഷൻ രജിസ്റ്ററിലുള്ളത്), രണ്ടാം ഭാഷ, അക്കൗണ്ടൻസി ഒരു വിഷയമാണെങ്കിൽ അതിന്റെ ശാഖ( *AFS അല്ലെങ്കിൽ കംപ്യൂട്ടറൈസ്ഡ് അക്കൗണ്ടിങ്*) എന്നിവ കൂടി മേൽ സൂചിപ്പിച്ച സമയപരിധിക്കുള്ളിൽ രേഖപ്പെടുത്തണം.

6 സംസ്ഥാന സർക്കാരിന്റെ പ്രത്യേക ഉത്തരവുകൾ പ്രകാരം സ്കൂളുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ പ്രവേശനനടപടികൾ അവസാനിപ്പിച്ച് 10 ദിവസത്തിനുള്ളിൽ ഉത്തരവുകളുടെ പകർപ്പുകൾ സഹിതം ഡയറക്ടറേറ്റിന്റെ ഐ.സി.റ്റി. സെല്ലിലേക്ക് അയച്ച് വിദ്യാർത്ഥിവിവരങ്ങൾ ഡേറ്റാ എൻട്രി നടത്താനുള്ള അനുമതി വാങ്ങണം.

ഡയറക്ടർ